## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2565 18.02.2016 ലെ മറുപടിയ്ക്ക്

## അംഗീകാരമുള്ള ടൂറിസം കേന്ദ്രങ്ങൾ

| ചോദ്യം<br>ശ്രീ. **ടി.എൻ. പ്രതാപൻ**<br>ശ്രീ.**ഷാഫി പറമ്പിൽ**<br>ശ്രീ.**എം.പി.വിൻസെൻറ്**<br>ശ്രീ.**ലൂഡി ലൂയിസ്** | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ, പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി | |
|---|---|---|---|
| എ) | സംസ്ഥാനത്ത് ടൂറിസം വകുപ്പ് അംഗീകരിച്ച എത്ര ടൂറിസ്റ്റ് കേന്ദ്രങ്ങൾ ഉണ്ട്; അവ ഏതൊക്കെയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | എ) | 52. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം I ആയി ചേർക്കുന്നു. |
| ബി) | പ്രസ്തുത കേന്ദ്രങ്ങളിൽ എന്തൊക്കെ അടിസ്ഥാന സൗകര്യങ്ങളാണ് ഒരുക്കിയിട്ടുള്ളത്; | ബി) | അനുബന്ധം - 2 ആയി ചേർക്കുന്നു. |
| സി) | സഞ്ചാരികളുടെ സുരക്ഷയ്ക്കായും, സാമൂഹ്യ വിരുദ്ധശല്യം ഒഴിവാക്കുന്നതിനുമായി പുരുഷ-വനിതാ സ്ക്വാഡുകളെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ നിയോഗിക്കുമോ; | സി) യും ഡി) യും | ടൂറിസം മേഖലയിൽ അപകടസാധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രത്യേക പരിശീലനം സിദ്ധിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകടസാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും അത്തരം സ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ബ്രോഷറുകളിലും മറ്റ് വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തിരവും ഇത്തരം സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാൻമാരാക്കുന്നു. കൂടാതെ ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾക്ക് "Life Jacket" പോലുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന |
| ഡി) | ഇവിടങ്ങളിൽ മദ്യപൻമാരുടെ ശല്യം ഒഴിവാക്കുവാൻ എന്തൊക്കെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | | |

| | | | |
|---|---|---|---|
| | | | നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനു പുറമേ ഹൗസ് ബോട്ട് ട്രാക്കിങ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതിക്കുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ലൈഫ് ഗാർഡുകൾക്ക് മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻരക്ഷാ ഉപകരണങ്ങളും നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നതാണ്.<br>കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങി അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളെ കാര്യമായി ആശ്രയിച്ചാണ് കേരളത്തിലെ ടൂറിസം മേഖല നീങ്ങുന്നത്. പ്രധാന കടലോരങ്ങളിലെല്ലാം തന്നെ പരിശീലം നേടിയ ജീവൻ രക്ഷാ പ്രവർത്തകരെ (ലൈഫ് ഗാർഡ്സ്) നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 139 പേർ ലൈഫ് ഗാർഡുകളായി സേവനം അനുഷ്ഠിക്കുന്നു. (കോവളം-35, ശംഖുമുഖം-8, വേളി-9, വർക്കല-18, കൊല്ലം-8, ആലപ്പുഴ-9, എറണാകുളം-24, തൃശ്ശൂർ-8, മലപ്പുറം-2, കോഴിക്കോട്-8, കണ്ണൂർ-8, കാസർഗോഡ്-2) ഇവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ പരിശീലനം നൽകുന്നതിനോടൊപ്പം ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങൾ നൽകി കൂടുതൽ പേരെ ഇതിനായി വിന്യസിക്കും.<br>വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികളോട് അപമര്യാദയായി പെരുമാറുകയും അവരെ ആക്രമിക്കുകയും ചെയ്ത ഒട്ടേറെ സംഭവങ്ങൾ തടയുന്നതിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും ഇത്തരം പ്രശ്നങ്ങൾ തടയുവാൻ നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്.<br>ടൂറിസം പോലീസിനെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്